LIBRARY ARCHIVES Kerala Legislative Assembly

അയൽ സംസ്ഥാനങ്ങളുമായുള്ള നദീജല കരാറുകൾ

152 (2707) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അയൽ സംസ്ഥാനങ്ങളുമായുള്ള നദീജല കരാറുകളിൽ കൂടുതൽ ജാഗ്രതയോടെ മുന്നോട്ട് പോകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

നദീജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേരളം തമിഴ്നാടുമായി മൂന്ന് കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 29-5-1970-ൽ കേരളവും തമിഴ്നാടും 9-11-1958 മുതൽ മുൻകാല പ്രാബല്യത്തോടെ ഒപ്പുവച്ച പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) കരാർ, 19-8-1973-ൽ ഒപ്പുവച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ, 1886 ഒക്ടോബർ 29-ന് തിരുവിതാംകൂർ മഹാരാജാവും സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യയും ഒപ്പുവച്ച പെരിയാർ പാട്ടക്കരാർ, 1970-ലെ അനുബന്ധ കരാറുകൾ എന്നിവയാണ് അവ. പെരിയാർ പാട്ടക്കരാറിന് 999 വർഷത്തെ കാലാവധിയുണ്ട്. ശിരുവാണി കുടിവെള്ള പദ്ധതി കരാറിന് 99 വർഷത്തെ കാലാവധിയാണുള്ളത്. പറമ്പിക്കുളം ആളിയാർ പദ്ധതിക്കരാറിന് കാലാവധി നിശ്ചയിച്ചിട്ടില്ല. എന്നാൽ 30 വർഷത്തിലൊരിക്കൽ കരാർ പുനരവലോകനം ചെയ്യാൻ വ്യവസ്ഥയുണ്ട്.

കേരളത്തിന് പറമ്പിക്കുളം ആളിയാർ പദ്ധതിക്കരാറിൽ നിന്നാണ് പ്രധാനമായും ജലം ലഭിക്കുന്നത്. പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) യിൽ നിന്ന് കൊടിയ വരൾച്ച അനുഭവപ്പെട്ട വർഷങ്ങളിലൊഴികെ കേരളത്തിന് അർഹതപ്പെട്ട ജലം ലഭിച്ചിട്ടുണ്ട്. കരാറിലെ വ്യവസ്ഥകൾ അനുസരിച്ച് ജലക്രമീകരണം നടത്തുന്നതിന്റെ മേൽനോട്ടം വഹിക്കുന്നത് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് ആണ്. കേരളത്തിലേയും തമിഴ്നാട്ടിലേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ സംയുക്തമായി രേഖപ്പെടുത്തുന്ന അളവെടുപ്പ് സംവിധാനത്തിലൂടെ ജലത്തിന്റെ കണക്ക് ഓരോ ദൈവാരത്തിലും തയ്യാറാക്കി അതിലെ തർക്കങ്ങൾ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് ചർച്ച ചെയ്ത് പരിഹരിച്ചാണ് ലഭിക്കേണ്ട വെള്ളത്തിന്റെ കണക്കുകൾ തിട്ടപ്പെടുത്തുന്നത്. സംയുക്ത

ജലക്രമീകരണ ബോർഡിന്റെ യോഗങ്ങളിൽ ശക്തമായി വാദിച്ചും സർക്കാരിന്റെ സമയോചിതവും ഫലപ്രദവുമായ ഇടപെടലുകളിലൂടെയും കേരളത്തിന്റെ ജലവിഹിതം നേടിയെടുക്കാൻ പരമാവധി ശ്രമിക്കാറുണ്ട്. ശിരുവാണി കുടിവെള്ള പദ്ധതി കരാറിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ മേൽനോട്ടം വഹിക്കുന്നത് ജോയിന്റ് കൺട്രോൾ ബോർഡ് ആണ്. ഈ യോഗങ്ങളിൽ കേരളത്തിന്റെ പ്രതിനിധികൾ സജീവമായി പങ്കെടുത്ത് സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ട ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു. അന്തർ സംസ്ഥാന ജലവിഷയങ്ങളിൽ സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ട ഉപദേശങ്ങളും, നിർദ്ദേശങ്ങളും നൽകുന്നതിനുവേണ്ടി ഒരു അന്തർ സംസ്ഥാന ജല ഉപദേശക സമിതി നിലവിലുണ്ട്. കൂടാതെ മുല്ലപ്പെരിയാർ വിഷയത്തിൽ ബഹു. സുപ്രീംകോടതിയിൽ നടക്കുന്ന കേസുകളുടെ നടത്തിപ്പിനും അതിന് ഉപോൽബലകമായി സാങ്കേതിക വിശദാംശങ്ങൾ ശേഖരിക്കുന്നതിനും വേണ്ടി ഒരു മുല്ലപ്പെരിയാർ സെല്ലും രൂപീകരിച്ചിട്ടുണ്ട്. 2012-13 ജല വർഷത്തിൽ കേരളത്തിന് അർഹതപ്പെട്ട ജില്ല പി.എ.പി.യിൽ നിന്ന് ലഭിച്ചില്ല. തമിഴ്നാടിന്റെ പി.എ.പി. കരാർ വ്യവസ്ഥാ ലംഘനത്തിനെതിരായി തമിഴ്നാടിനെതിരായി ബഹു. സുപ്രീം കോടതിയിൽ ഒരു അസ്സൽ അന്യായവും ഒരു ഇടക്കാല ഹർജിയും ഫയൽ ചെയ്തിട്ടുണ്ട്. തുടർന്നും അന്തർ സംസ്ഥാന ജലവിഷയങ്ങളിൽ സംസ്ഥാനതാൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നതന്നെയാണ് ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാട്.

ജലസേചന വകുപ്പിന്റെ മേജർ ഇറിഗേഷൻ പദ്ധതി

153 (2708) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചന വകുപ്പ് മേജർ ഇറിഗേഷൻ പദ്ധതി പ്രകാരം ഒരു പഞ്ചായത്തിൽ ഒരു കളം ഏതൊക്കെ പഞ്ചായത്തിൽ 2012-2013,2014 വർഷങ്ങളിൽ എടുത്തിട്ടുണ്ട് ; പേരും, ഇകയും, ഇപ്പോഴത്തെ സ്ഥിതിയും വ്യക്തമാക്കാമോ ;

(ബി) തടയണ, മറ്റ് നിർമ്മാണ പണികൾ MI വഴി നടക്കുന്നത് വ്യക്തമാക്കാമോ ;

(സി) Major Irrigation പദ്ധതി പ്രകാരം കൊല്ലമുഴ ആറിന്റെ പാർശ്വഭിത്തി ബലപ്പെടുത്താൻ നിലവിൽ തയ്യാറാക്കി അനുമതി നൽകിയിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly